**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2766** **22-01-2021 - ൽ മറുപടിയ്ക്ക്**

**പാൽ ഉത്പാദനവും ഉപഭോഗവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | **Shri. K Raju**<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇപ്പോൾ പ്രതിവർഷ പാലുത്പാദനവും ഉപഭോഗവും എത്രവീതമെന്ന് കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിലുള്ള അന്തരം നികത്തുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് പ്രതിവർഷ പാലുല്പാദനം 25.48 ലക്ഷം മെ.ടണ്ണും ആവശ്യമുള്ളത് 27.59 ലക്ഷം മെ.ടണ്ണുമാണ് നിലവിലുള്ള സ്റ്റാറ്റിസ്റ്റിക്കൽ രീതിയിൽ ഉല്പാദനവും ആവശ്യകതയും കണക്കാക്കുമ്പോൾ അനുമാനിക്കേണ്ടത്. പ്രസ്തുത അന്തരമായ 2.11 ലക്ഷം മെ.ടൺ നികത്തുന്നതിന് സർക്കാർ മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിലൂടെ ഒരു പശു, രണ്ട് പശു, അഞ്ച് പശു, പത്ത് പശു, പശുവും കിടാരിയും അടങ്ങിയ കോമ്പോസിറ്റ് യൂണിറ്റും ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്തിന്റെ നവീകരണം, ശാസ്ത്രീയ കാലിത്തൊഴുത്ത് നിർമ്മാണം, ധാതുലവണ മിശ്രിതം, വാണിജ്യാടിസ്ഥാനത്തിലുള്ള ഫാമുകൾക്കുള്ള ധനസഹായം, ഫാമുകളുടെ യന്ത്രവൽക്കരണത്തിനുള്ള സഹായം കൂടാതെ തീറ്റപ്പുൽ കൃഷിത്തോട്ടങ്ങളുടെ യന്ത്രവൽക്കരണത്തിനും ലക്ഷ്യം വച്ചുകൊണ്ടുള്ള തീറ്റപ്പുൽകൃഷി പദ്ധതിയും കാലിത്തീറ്റ സബ്സിഡി പദ്ധതിയും, ശാസ്ത്രീയമായ പശുപരിപാലനം ലക്ഷ്യംവച്ച് കൊണ്ടുള്ള വിജ്ഞാന വ്യാപന പരിപാടികളും നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ ഉരുക്കളെ വാങ്ങുന്നതിനും കാലിത്തീറ്റ സബ്സിഡിയും പാലിന് പ്രോത്സാഹനവിലയും നൽകി കൂടുതൽ കർഷകരെയും സംരംഭകരെയും ക്ഷീരവൃത്തിയിലേയ്ക്ക് ആകർഷിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ ക്ഷീരോൽപ്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ? | (ബി) | ക്ഷീരോല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനായി ഉല്പാദനശേഷിയുള്ള കറവപ്പശുക്കളെ ലഭ്യമാക്കുന്നതിനും ഫാമുകളുടെ യന്ത്രവൽക്കരണത്തിനും ലക്ഷ്യം വച്ചുകൊണ്ട് എം.എസ്.ഡി.പി. പദ്ധതി, പച്ചപ്പുല്ലിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും, തീറ്റപ്പുൽകൃഷിത്തോട്ടങ്ങളുടെ യന്ത്രവൽക്കരണവും ലക്ഷ്യം വച്ചുകൊണ്ടുള്ള |

| | | | |
|---|---|---|---|
| | | | തീറ്റപ്പുൽകൃഷി പദ്ധതി, കാലിത്തീറ്റ സബ്സിഡി പദ്ധതി, ശാസ്ത്രീയമായ പശുപരിപാലനം ലക്ഷ്യംവച്ചുകൊണ്ടുള്ള വിജ്ഞാന വ്യാപന പരിപാടികൾ എന്നിവ നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ